"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിൽ വകുപ്പ് -ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്- ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, പാലക്കാട്, ഗ്രേഡ് 1 തസ്തികയിൽ ശ്രീ.രാജീവ്.എ.എൻ ന്റെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവാകുന്നു.

തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

സ.ഉ.(സാധാ) നം.807/2026/LBR തീയതി,തിരുവനന്തപുരം, 24-07-2026

പരാമർശം:- 1. 23/02/2024 ലെ സ.ഉ(സാധാ) നം.237/2024/തൊഴിൽ

2. ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്, ഡയറക്ടറുടെ 19/06/2026 ലെ DFB/2683/2025-E3 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം 24/02/2024- ന്ന അപരാഹ്നം പാലക്കാട് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഗ്രേഡ് 1 ഇൻസ്പെക്ടർ ആയി ശ്രീ.രാജീവ്.എ.എൻ സേവനത്തിൽ പ്രവേശിച്ചിട്ടുണ്ട്. പ്രൊബേഷൻ കാലയളവിൽ അവധികൾ ഒന്നും എടുത്തിട്ടില്ല എന്ന് അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുള്ളതായി പാലക്കാട് ഫാക്ടറീസ് & ബോയിലേഴ്സ്, ഇൻസ്‌പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ടിയാൾ, തന്റെ ആറു മാസത്തെ പ്രൊബേഷൻ കാലാവധി 23/08/2024- ന്ന തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ ടിയാളുടെ പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിലേയ്ക്കായി അനുബന്ധ രേഖകൾ സഹിതം പരാമർശം (2) പ്രകാരം ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്, ഡയറക്ടർ ശിപാർശ സമർപ്പിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ ഗ്രേഡ് 1 ആയി 24/02/2024 അപരാഹ്നം ജോലിയിൽ പ്രവേശിച്ച ശ്രീ.രാജീവ്.എ.എ-ന്റെ പ്രബേഷൻ 24/08/2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ KS&SSR Part II Rule 20 പ്രകാരം തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീബ ജോർജ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ്, തിരുവനന്തപുരം.
ശ്രീ. രാജീവ്.എ.എ, ഇൻസ്‌പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, ഗ്രേഡ് 1, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ബി2/150/2026/തൊഴിൽ)

ഉത്തരവിൻ പ്രകാരം

Digitally signed by Saira Banu Buhari
Date: 27-07-2026 17:09:58

സെക്ഷൻ ഓഫീസർ